പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.283 — 26.2.2018 ൽ മറുപടിയ്ക്ക്

## ബാരിയർ ഫ്രീ പദ്ധതി

ചോദ്യം — മറുപടി

ശ്രീ.എൻ. ഷംസുദ്ദീൻ — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2017 - 18 ബജറ്റിൽ പ്രഖ്യാപിച്ച ബാരിയർ ഫ്രീ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് തടസ്സമില്ലാതെ ഓഫീസുകളിൽ കടന്നു ചെല്ലാൻ പാകത്തിനുള്ള സൗകര്യങ്ങൾ കേരളത്തിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്; വിശദ വിവരം നൽകുമോ; | (എ) 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ബാരിയർ ഫ്രീ പദ്ധതി പ്രകാരം വയനാട്, മലപ്പുറം ജില്ലകളിലെ സർക്കാർ/അർദ്ധസർക്കാർ കെട്ടിടങ്ങളും സർക്കാർ ആശുപത്രികൾ ഉൾപ്പെടെയുള്ള മറ്റ് പൊതു കെട്ടിടങ്ങളും ഭിന്നശേഷിയുള്ളവർക്ക് തടസ്സമില്ലാതെ കടന്നു ചെല്ലാൻ പാകത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അതത് ജില്ലാ കളക്ടറേറ്റ് മുഖേന സ്വീകരിച്ചു വരുന്നു.<br>അംഗപരിമിതരായ ആളുകളുടെ സൌകര്യം കണക്കിലെടുത്ത് നിലവിൽ അംഗപരിമിത സൗഹൃദമല്ലാത്തതും വയനാട് ജില്ലയിലെ പൊതുജന സേവനം നൽകിവരുന്നതുമായ മുഴുവൻ സർക്കാർ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രവുമായി സഹകരിച്ച് 6,11,20,000/-രൂപയുടെ പദ്ധതി തയ്യാറാക്കി നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>മലപ്പുറം ജില്ലയിൽ ഭിന്നശേഷിക്കാർക്ക് തടസ്സമില്ലാതെ ഓഫീസുകളിലും ആശുപത്രികളിലും കടന്ന് ചെല്ലുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രാഥമിക ഘട്ടത്തിൽ മലപ്പുറം സിവിൽ സ്റ്റേഷനിലെ എല്ലാ കെട്ടിടങ്ങളും ബാരിയർ ഫ്രീ ആക്കുന്ന പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് 2017 - 18 ലെ ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയിൽ നിന്നും എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) ബാരിയർ ഫ്രീ പദ്ധതിയ്ക്കായി 2017-18 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപ (മലപ്പുറം ജില്ലയ്ക്ക് 8,88,80,000/- രൂപയും വയനാട് ജില്ലയ്ക്ക് 6,11,20,000/- രൂപയും) മലപ്പുറം, വയനാട് ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ